## പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1899**

**17.03.2015-ലെ മറുപടിക്ക്**

### ബി.എ. മുഹമ്മദ് കുഞ്ഞിയുടെ സ്കൂട്ടർ തീവെച്ച് നശിപ്പിച്ച സംഭവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | 2015 ജനുവരി മാസത്തിൽ കാസർഗോഡ് ചെമ്പരിക്ക സ്വദേശിയും ഐ.എൻ.എൽ. ചെമ്പരിക്ക ശാഖ സെക്രട്ടറിയും പാചകക്കാരനുമായ ബി.എ. മുഹമ്മദ് കുഞ്ഞിയുടെ സ്കൂട്ടർ തീവെച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) (സി) | ഇതു സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 21/2015 u/s 447, 435, r/w 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സിൽ (1) ഇസ്മയിൽ ഇസ്ഹാക്ക് S/o. മുഹമ്മദ് കുഞ്ഞി, തെക്കേ കടപ്പുറം വീട്, കീഴൂർ (2) ഷാനു @ ഷാനവാസ്, S/o. മുഹമ്മദ് കുഞ്ഞി, കണ്ടത്തിൽ വീട്, കീഴൂർ എന്നിവരാണ് പ്രതികൾ. രണ്ടുപേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി കേസിന്റെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (സി) | എല്ലാ പ്രതികളെയും പിടികൂടിയിട്ടുണ്ടോ; ഏതെങ്കിലും പ്രതിയെ ഇനി പിടികിട്ടാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**